പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 96** | **15-10-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിദ്യാഭ്യാസ പരിഷ്കരണം</u>**


**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ദീപക് ജോയ്

ശ്രീ. വി. ടി. ബൽറാം

ശ്രീമതി വിദ്യാ ബാലകൃഷ്ണൻ

ശ്രീ. മുഹമ്മദ് ഷിയാസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)


**(എ)** പൊതുവിദ്യാഭ്യാസ മേഖലയുടെ പരിഷ്കരണത്തെക്കുറിച്ച് പഠിക്കാൻ പുതിയ കമ്മിറ്റിയെ നിയോഗിക്കാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസത്തിന്റെ ശാക്തീകരണത്തിനായി 100 ദിന കർമ്മ പദ്ധതിയുടെ ഭാഗമായി പ്രാപ്യത ഉറപ്പുവരുത്തുന്നതിനായി 8 ഏകാദ്ധ്യാപക വിദ്യാലയങ്ങൾ എൽ.പി. സ്കൂളുകളായി അപ്ഗ്രേഡ് ചെയ്യുകയുണ്ടായി, പ്രൈമറിതലത്തിൽ കണക്ക്, ഇംഗ്ലീഷ്, മലയാളം എന്നീ വിഷയങ്ങളിലെ അടിസ്ഥാന ശേഷികൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ അക്കാദമിക നടപടികൾ റിവൈവ് പദ്ധതിയിലൂടെ സ്വീകരിച്ച് വരുന്നു. ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ, പഠനവൈകല്യമുള്ളവർ എന്നിവർക്കായി സമഗ്ര ആരോഗ്യനയം നടപ്പിലാക്കുന്നതിലേയ്ക്കുള്ള പ്രാരംഭനടപടികൾ ആരംഭിച്ചു വരുന്നു. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായി ഇല്ലാതാക്കുന്നതിന്, സാമൂഹിക-സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മേഖലകളിൽ പ്രത്യേക പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ എസ്.സി.ഇ.ആർ.ടി.യുടെ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിലെ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും ആകർഷകമാക്കുന്നതിനും വിദഗ്ധ സമിതിയെ നിയോഗിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

ആരോഗ്യ-കായിക വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനും വിദഗ്ധ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ബി)** സ്കൂൾ ഘടന പരിഷ്കരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും ലക്ഷ്യമിട്ടുള്ള പഠനത്തിനാണോ പുതിയ വിദഗ്ധ സമിതിയെ നിയോഗിക്കുന്നതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സ്കൂൾ ഘടന പരിഷ്കരണം നടപ്പിലാക്കുമ്പോൾ കുട്ടികൾക്കുണ്ടാകുന്ന മനശാസ്ത്രപരമായ വളർച്ച ഘട്ടങ്ങൾ, സ്കൂളുകളുടെ സംഘാടനം, ഭരണപരമായ വിഷയങ്ങൾ, അദ്ധ്യാപകരുടെ പ്രശ്നങ്ങൾ, തുടങ്ങിയവ ഗുണനിലവാരത്തിന് ഉതകുന്ന തരത്തിൽ സമഗ്രമായി വിലയിരുത്തിയായിരിക്കും ടി വിഷയങ്ങളിൽ സർക്കാർ തുടർനടപടി സ്വീകരിക്കുക.

**(സി)** ഹയർ സെക്കൻഡറിയെ മുൻപുണ്ടായിരുന്ന വിധം പ്രത്യേക ഡയറക്ടറേറ്റിന് കീഴിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പ്രീ പ്രൈമറി, എൽ.പി., യു.പി. വിഭാഗങ്ങൾക്കായി പ്രൈമറി ഡയറക്ടറേറ്റ് പ്രത്യേകം രൂപീകരിക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

**മറുപടി:** പ്രീ-പ്രൈമറി, എൽ.പി, യു.പി. വിഭാഗങ്ങൾക്കായി പ്രത്യേക ഡയറക്ടറേറ്റ്, ഹയർ സെക്കണ്ടറിക്ക് മുമ്പ് ഉണ്ടായിരുന്ന വിധം പ്രത്യേക ഡയറക്ടറേറ്റ് തുടങ്ങിയ വിഷയങ്ങൾ പ്രത്യേകമായി പരിശോധിച്ച് തീരുമാനിക്കേണ്ടതാകയാൽ ഇത് സംബന്ധിച്ച് അനുയോജ്യമായ സമയത്ത് ഉചിത തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ഓഫീസർ**